(സി) ഓംബുഡ്സ്മാന്റെ നടപടിക്രമം സംബന്ധിച്ച ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ഓംബുഡ്സ്മാനിലെ അംഗങ്ങളെ നിയമിക്കുകയും അതിന് പ്രവർത്തിക്കാനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യേണ്ടതുണ്ട്. ഇതെല്ലാം താമസിയാതെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ചട്ടങ്ങളുടെ കരട് അധികാരവികേന്ദ്രീകരണ കമ്മിറ്റിയിൽനിന്ന് ലഭിക്കുകയും ആയത് സർക്കാർ പരിശോധിച്ചുവരികയുമാണ്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ചെറുകിട വ്യവസായങ്ങൾക്കുള്ള സബ്സിഡി

1 (2798) ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ഇ.എം. അഗസ്തി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനാർത്ഥം പുതുതായി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ തോത് എത്രയെന്ന് അറിയിക്കുമോ;

(സി) ഈ സബ്സിഡി ലഭിക്കുന്നതിനുള്ള നടപടിക്രമം എന്തെന്ന് വിശദീകരിക്കുമോ;

(ഡി) സബ്സിഡി നിശ്ചിത സമയത്തിനുള്ളിൽ കൊടുത്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ അപേക്ഷ തീയതി മുതൽ എത്ര കാലത്തിനുള്ളിൽ എന്ന് അറിയിക്കുമോ;

(എഫ്) ഇപ്പോൾ സബ്സിഡിയുള്ള എത്ര അപേക്ഷകൾ കുടിശ്ശികയായിട്ടുണ്ട്; ഈ അപേക്ഷകൾ ലഭിച്ച തീയതികൾ വെളിപ്പെടുത്തുമോ;

(ജി) സബ്സിഡി അനുവദിച്ച കേസ്സുകളിൽ ഓഫ് കൊടുക്കാനുണ്ടോ;

(എച്ച്) എങ്കിൽ എത്ര പേർക്ക് സബ്സിഡി കൊടുക്കാനുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) 23.9.1991 ന് ശേഷം സംസ്ഥാനത്തു ഉല്പാദനം ആരംഭിച്ച പ്പോൾ വ്യവസായസ്ഥാപനങ്ങൾക്കും സ്ഥിരമൂലധനം നിക്ഷേപത്തിന്റെ തോത് കണക്കാക്കി അതിന്റെ 15% മോ, പരമാവധി 15 ലക്ഷം രൂപയോ ഏതാണ് കുറവ് അത്രയും തുക സബ്സിഡിയായി നൽകി വരുന്നു. എന്നാൽ ക്രസ്റ്റ് വ്യവസായമായി പ്രഖ്യാപിച്ചിട്ടുള്ള വ്യവസായങ്ങൾക്ക് ഇത് മൂലധന നിക്ഷേപത്തിന്റെ 15% അല്ലെങ്കിൽ പരമാവധി 20 ലക്ഷം രൂപ ഏതാണ് കുറവ് അത്രയും തുക സബ്സിഡി ഇനത്തിൽ നൽകി വരുന്നു. ഇതിനു പുറമേ

LIBRARY ARCHIVES Kerala Legislative Assembly

23.9.1991-നു ശേഷം പൊല്യൂഷൻ കൺട്രോൾ എക്വപ്മെന്റ് സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകൾക്ക് അത്തരം നിക്ഷേപത്തിന്റെ 15% പരമാവധി 5 ലക്ഷം രൂപ സബ്സിഡി നൽകി വരുന്നു. 23.9.91-നുശേഷം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിച്ച് ജനറേറ്റർ സെറ്റിന് അതിന്റെ നിക്ഷേപ ചിലവിന്റെ 15% പരമാവധി 5 ലക്ഷം രൂപ സബ്സിഡി ഉണ്ട്. ഇത് കൂടാതെ ഇൻഫർമേഷൻ ടെക്നോളജി യൂണിറ്റുകൾക്ക് സ്ഥിരമൂലധനത്തിന്റെ 20% പരമാവധി 25 ലക്ഷം രൂപയാണ് സബ്സിഡി. ഇത്തരം യൂണിറ്റുകൾക്ക് കാപറ്റീവ് ജനറേറ്റർ 'സ്ഥാപിക്കുന്നതിന്റെ ചെലവിന്റെ 50% പരമാവധി 10 ലക്ഷം രൂപ അധികമായും സബ്സിഡി നൽകുന്നു. ഇൻഫർമേഷൻ ടെക്നോളജി യൂണിറ്റുകൾക്കുള്ള ഈ ആനുകൂല്യം 28.5.1998 മുതൽ പ്രാബല്യത്തിലുണ്ട്.

(സി) വ്യവസായ സ്ഥാപനങ്ങൾ ഉല്പാദനം ആരംഭിച്ച് പരമാവധി ഒരു വർഷത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകിയിരിക്കണം. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ധന സഹായം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ കെ.എഫ്.സി. യിലും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ധനസഹായം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ കെ.എസ്. ഐ.ഡി.സി യിലും മറ്റുള്ളവർ അതാതു താലൂക്ക് വ്യവസായ ആഫീസുകൾ മുഖാന്തിരം വ്യവസായ വകപ്പിനുമാണ് അപേക്ഷ നൽകേണ്ടത്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ജി) ഉണ്ട്.

(എച്ച്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ

2 (2799) ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. അടൂർ പ്രകാശ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് ;

(ബി) ഇതിന്റെ കീഴിലുള്ള ഉൽപ്പാദക യൂണിറ്റുകൾ ഏതെല്ലാമാണ്;

(സി) ഇവയിൽ ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്നവ എതൊക്കെയാണ്;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇവയെ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly